പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3926

12.12.2018-ൽ മറുപടി നൽകേണ്ടിയിരുന്നത്

**ജുഡീഷ്യൽ കമ്മീഷനുകളുടെ പ്രവർത്തനം**

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.എം.ഉമ്മർ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്ത് നിലവിലിരിക്കുന്ന ജുഡീഷ്യൽ കമ്മീഷനുകളുടെ പ്രവർത്തന പുരോഗതിയും റിപ്പോർട്ട് സമർപ്പണവും സംബന്ധിച്ച വസ്തുതകൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) സംസ്ഥാനത്ത് 12.12.2018 വരെ പ്രവർത്തിച്ചിരുന്ന ജുഡീഷ്യൽ കമ്മീഷനുകളെല്ലാം റിപ്പോർട്ട് സർക്കാരിൽ സമർപ്പിക്കുകയും തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) പൊതുപ്രാധാന്യമുള്ള വിഷയങ്ങളിൻമേൽ ലഭ്യമാക്കിയിട്ടുള്ള ജുഡീഷ്യൽ കമ്മീഷൻ റിപ്പോർട്ടുകളിലെ ശിപാർശകൾ, നടപ്പിലാക്കാൻ കഴിയാത്ത സാഹചര്യം ഉണ്ടോ; വിശദമാക്കാമോ; | (ബി) ജുഡീഷ്യൽ കമ്മീഷൻ റിപ്പോർട്ടുകളിലെ നിയമപരമായി നടപ്പിലാക്കാൻ കഴിയുന്ന എല്ലാ ശിപാർശകളിന്മേലും കൃത്യമായ തുടർനടപടികൾ സ്വീകരിക്കാറുണ്ട്. |
| (സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര ജുഡീഷ്യൽ കമ്മീഷനുകളുടെ റിപ്പോർട്ടുകൾ മന്ത്രിസഭായോഗത്തിൽ ചർച്ചചെയ്തിട്ടുണ്ട്; വിശദമാക്കാമോ? | (സി) സോളാർ തട്ടിപ്പും അനുബന്ധ സാമ്പത്തിക ഇടപാടുകളും അന്വേഷിച്ച ജസ്റ്റിസ് ശിവരാജൻ അന്വേഷണ കമ്മീഷൻ റിപ്പോർട്ടും, മംഗളം ചാനൽ വാർത്തയെ കുറിച്ച് അന്വേഷിക്കുന്നതിനായി നിയമിച്ച റിട്ട. ജില്ലാ ജഡ്ജി ശ്രീ. പി.എസ്. ആന്റണി അന്വേഷണ കമ്മീഷൻ റിപ്പോർട്ടും മന്ത്രിസഭായോഗത്തിന്റെ പരിഗണനയിൽ വന്നിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ